## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1225** 07.06.2018 **ൽ മറുപടിക്ക്**

**റോഡ് സുരക്ഷ അതോറിറ്റിയുടെ പ്രവൃത്തികൾ**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ ഏതൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ നടപ്പിലാക്കി വരുന്ന പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1.ബ്ലാക്ക് സ്പോട്ടുകളുടെ അപകട നിവാരണത്തിനായിട്ടുള്ള പ്രവൃത്തികൾ നടത്തി വരുന്നു.<br>2.മാർക്കിംഗ്സ്, സൈൻബോർഡുകൾ, റോഡ് സ്റ്റഡുകൾ, മുതലായ റോഡ് സുരക്ഷാസംവിധാനങ്ങൾ സ്ഥാപിച്ച് വരുന്നു.<br>3.അപകട സാദ്ധ്യതയുള്ള വളവുകളിലും, റോഡ് കടന്നു പോകുന്ന ഭാഗം റോഡിൽ നിന്നും 3 മീറ്ററിനു മുകളിൽ ഉയര വ്യത്യാസമുള്ള സ്ഥലങ്ങളിലും ക്രാഷ് ബാരിയർ സ്ഥാപിച്ചു വരുന്നു.<br>4.സ്കൂൾ സോണിന്റെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | 2018-19 വർഷത്തിൽ പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) 2018-19 വർഷത്തിൽ പ്രസ്തുത പ്രവർത്തികൾക്കായി തുക അനുവദിച്ച് ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**